✝

# ഭവനം വാഴ്ത്തുന്ന ശുശ്രൂഷ

(പുരോഹിതൻ ആരംഭിക്കുന്നു. ബ്ശിം.....) ബാവായുടെയും പുത്രന്റെയും റൂഹാദ്കുദ്ശായുടെയും നാമത്താൽ എന്നന്നേക്കും ആമീൻ.

(തിശ്ബൊഹ്ത്താ......) അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം (മൂന്നു പ്രാവശ്യം) ഭൂമിയിൽ സമാധാനം മനുഷ്യർക്കു നല്ല പ്രത്യാശ എന്നന്നേക്കും ആമീൻ.

സ്വർഗ്ഗത്തിലുള്ളവനായ..........

സ്ലോത്ത : കർത്താവേ, സദാ നിങ്കലേക്ക് നോക്കുന്നതിനും നിന്നിൽ മാത്രം പ്രശംസിക്കുന്നതിനും നിന്നിൽ നിന്നുള്ള പ്രത്യാശക്ക് ഒരുനാളും ഭംഗം വരാതിരിക്കുന്നതിനും എല്ലായ്പോഴും ഞങ്ങളെ അഭ്യസിപ്പിക്കുന്നതായ തിരുകൃപയുടെ കാരുണ്യം വാഴ്ത്തപ്പെട്ടതും നിന്റെ കർത്തൃത്വത്തിന്റെ വാഗ്ദത്തങ്ങൾ ആരാധ്യവുമായിരിക്കട്ടെ. എന്നന്നേക്കും സർവ്വനാഥനായ........

വാക്യം : "തന്റെ കുടുംബക്കാരെപ്പറ്റി കരുതുന്നവനായ കർത്താവിൽ നമ്മുടെ ചിന്താകുലങ്ങളെ നാം വെയ്ക്കുക."

(സങ്കീ. 23)

യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല. പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു. എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. കൂരിരുൾ താഴ്വരയിൽകൂടി നടന്നാലും; ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ; നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നൊരുക്കുന്നു; എന്റെ തലയെ എണ്ണ കൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു. നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും.

ബാവായ്ക്കും............

സ്ലോത്ത : കർത്താവേ ഞങ്ങളുടെ ജീവിതനാളൊക്കെയും നിന്റെ വലങ്കയ്യിനാൽ ഞങ്ങളെ കാത്ത്പാലിക്കേണമെ. നിന്റെ തൊങ്ങലുകൾക്ക് കീഴെ ഞങ്ങളെ മറയ്ക്കേണമെ. എന്നന്നേക്കും സർവ്വനാഥനായ പിതാവും പുത്രനും......

നിനക്കു തണൽ! പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല; യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും. യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും." ബാവായ്ക്കും........

## വെള്ളം കൂദാശ ചെയ്യുന്നതിനുള്ള പ്രാർത്ഥന

പരിശുദ്ധനും സ്തുതിക്കപ്പെട്ടവനും സർവ്വശക്തനും ആയ കർത്താവും ദൈവവുമായുള്ളോവെ നിന്നെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. നീ ഞങ്ങൾക്ക് നൽകിയ ധൈര്യത്തോടെ ഞങ്ങൾ നിന്റെ കൃപയോട് യാചിക്കുന്നു. നിന്റെ കാരുണ്യത്തിന്റെ വലങ്കൈ നീട്ടി ഈ വെള്ളത്തെ വാഴ്ത്തുകയും ശുദ്ധീകരിക്കയും ചെയ്യേണമെ. ഈ വെള്ളം വീഴുന്നതോ തെളിക്കപ്പെടുന്നതോ മറ്റ് ഏതുവിധത്തിൽ ഉപയോഗിക്കപ്പെടുന്നതോ ആയ എല്ലാറ്റിനും നിന്റെ സഹായം ആവസിക്കുമാറാകട്ടെ. അവയിൽ നിന്നെല്ലാം സകല

അവിശ്വാസത്തിന്റെ കണികയെയും മാരണമായ സർവ്വ മാലിന്യങ്ങളെയും അശുദ്ധികളെയും ദൂരീകരിക്കേണമെ. ഈ വെള്ളം പാനം ചെയ്യുന്നവരോ മറ്റുവിധത്തിൽ ഉപയോഗിക്കുന്നവരോ ആയ എല്ലാവർക്കും ഇതുമൂലം ശരീരത്തിന്റെയും ആത്മാവിന്റെയും പരിശുദ്ധിയും മനോഹാരിതയും നൈർമ്മല്യവും സമ്പാദിക്കുവാൻ ഇട നൽകേണമെ. ഈ വെള്ളത്തെ ആഗ്രഹിക്കുന്ന ആത്മാക്കൾക്ക് നിന്റെ പക്കൽ നിന്നുള്ള പരിശുദ്ധമായ ഈ ദാനം മുഖേന സഹായവും രക്ഷയും നൽകേണമെ. നിന്റെ കർത്തൃത്വത്തിന്റെ കുടുംബത്വത്തിലും പരിശുദ്ധതയിലും, ആനന്ദിക്കുന്നതിന് അവർക്ക് സംഗതി വരുത്തുകും ചെയ്യേണമെ. ഞങ്ങൾക്ക് വേണ്ടിയുള്ള നിന്റെ എല്ലാ സഹായങ്ങൾക്കായും കൃപകൾക്കായും ഞങ്ങൾ നിനക്ക് മഹത്വവും ബഹുമാനവും പുകഴ്ചയും ആരാധനയും അർപ്പിക്കും. ഹാശാ വൌഹുർസാൻ.......

(വെള്ളത്തിൽ കുരിശടയാളം വരയ്ക്കുന്നു)

*കുന്തുരുക്കം റൂശ്മ ചെയ്ത് ഇടുന്നു*

## വെള്ളം തളിച്ചുകൊണ്ട് നടക്കുമ്പോൾ ചൊല്ലുന്നതായ കീർത്തനങ്ങൾ

*(ബ്യദ് തൈബൂതാക്)*

1. കർത്താവേ നിന്റെ കൃപ ഞങ്ങളുടെ മേൽ ഉണ്ടായിരിക്കേണമെ.

കർത്താ കാത്തു പാലിക്കേണമെ: ഇക്കുടുംബത്തെ

പൈശാചികമാമെല്ലാം : നീക്കിയനുഗ്രഹിക്ക :

സ്നേഹം, ശാന്തി, ആരോഗ്യം, ഐകമത്യം, സൗകര്യം: വർദ്ധിപ്പിക്കേണമിതിൽ.

2. നീതിമാന്മാരുടെ തലമുറയാൽ അനുഗ്രഹിക്കപ്പെടട്ടെ.

അബ്രാഹമിൻ കൂടാരം വാഴ്ത്തിയ : മാലാഖ മൂലം

സക്കായിൻ ഭവനം വാഴ്ത്തിയ : കർത്താവു മൂലം

നിൻ ഭക്തർ പ്രവേശിക്കു : മീഭവനം വാഴ്ത്തണെ

ത്രീത്വം ആവസിക്കണേ.

3. കർത്താവേ അതിക്രമക്കാരന് അവന്റെ ആഗ്രഹം നീ നല്കരുതേ.

നീതിക്കു ശത്രുവാം സാത്താനെ : ഓടിപ്പിക്കണെ

അവനെങ്ങും കടക്കാതെ : അധികാരം നടത്താതെ

ഭവനം കർത്തൻ സൂക്ഷിച്ചു :വിശ്വാസപ്പാറയിന്മേൽ

സ്ഥിരമായി ഇവരെ നിർത്തട്ടെ.

4. "നിങ്ങൾ പ്രവേശിക്കുന്ന ഭവനത്തിലുള്ളവർ നിങ്ങളെ കൈക്കൊള്ളുന്നു എങ്കിൽ ഞാൻ ആ ഭവനത്തെ അനുഗ്രഹിക്കും." എന്ന് തന്റെ ശിഷ്യന്മാരുടെ കൂട്ടത്തോട് സുവിശേഷത്തിൽ കൂടി യേശു അരുളി ചെയ്തു. ഞങ്ങളുടെ കർത്താവായ മ്ശിഹായെ, നിന്റെ കൃപയാൽ നിന്റെ ആരാധകരുടെ ഈ ഭവനത്തെ വാഴ്ത്തേണമെ. നിന്റെ സമാധാനവും ശാന്തിയും ഇതിൽ ആവസിപ്പിക്കേണമെ.

5. ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതി. നീതിമാന്മാരായ വിശ്വാസികളെയും പൂർവ്വിക പിതാക്കന്മാരെയും അനുഗ്രഹിച്ചതായ ആ പരിശുദ്ധത്രീത്വത്തിന്റെ അനുഗ്രഹത്താൽ ഈ ഭവനം വാഴ്ത്തപ്പെടുമാറാകട്ടെ. കർത്താവേ, ഇതിൽ വസിക്കുന്നവരെ എല്ലാ ആപത്തുകളിൽനിന്നും അപകടങ്ങളിൽ നിന്നും ഇന്നു മുതൽ എന്നന്നേക്കും നീ സംരക്ഷിക്കേണമേ. അബ്രഹാമിന്റെ കൂടാരത്തെ

യെരുശലേമിന്റെ നന്മയെ കാണും; നിന്റെ മക്കളുടെ മക്കളെയും നീ കാണും; യിസ്രായേലിന്മേൽ സമാധാനം ഉണ്ടാകട്ടെ. ബാവായ്ക്കും.....

സ്ലോത്ത : നീതിമാന്മാരായ പരിശുദ്ധ പിതാക്കന്മാരുടെ ഭവനങ്ങളെ അനുഗ്രഹിച്ച ശുദ്ധീകരിച്ച ആ പരിശുദ്ധ ത്രീത്വം തന്നെ ഈ ഭവനത്തേയും കാത്തു പരിപാലിക്കട്ടെ. ഇതിൽ വസിക്കുന്നവരെ കാണപ്പെടുന്നതോ കാണപ്പെടാത്തതോ ആയ എല്ലാ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ എന്നന്നേക്കും സർവ്വനാഥനായ.......

സ്ലോത്ത : ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ നിന്റെ ദാസന്മാരുടെ ഈ ഭവനത്തിൽ നിന്റെ അനുഗ്രഹം ആവസിക്കുമാറാകട്ടെ. ഞങ്ങളുടെ പാപങ്ങളെയും കടങ്ങളെയും മോചിക്കുന്നവനും ഞങ്ങളുടെ സങ്കേതവും നല്ല പ്രത്യാശയും കരുണ നിറഞ്ഞവനും ആയ നിന്റെ കാരുണ്യം ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ എല്ലായ്പ്പോഴും ഉണ്ടായിരിക്കുമാറാകട്ടെ. എന്നന്നേക്കും സർവ്വനാഥനായ.......

(ഓരോ വാക്യം വായിക്കുമ്പോഴും പ്രതിവാക്യമായി എല്ലാവരും ചേർന്നു "*ദൈവമെ നിനക്കു സ്തുതി*" എന്ന് ചൊല്ലേണ്ടതാണ്.)

(സങ്കീ. 125)

യഹോവയിൽ ആശ്രയിക്കുന്നവൻ കുലുങ്ങാതെ, എന്നന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു./ പർവ്വതങ്ങൾ യെരുശലേമിനെ ചുറ്റിയിരിക്കുന്നു;/ യഹോവ ഇന്നുമുതൽ എന്നേക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുന്നു;/ നീതിമാന്മാർ നീതികേടിലേക്ക് കൈ നീട്ടാതിരിക്കേണ്ടതിന്/ ദുഷ്ടന്മാരുടെ ചെങ്കോൽ നീതിമാന്മാരുടെ അവകാശത്തിന്മേൽ ഇരിക്കയില്ല./ യഹോവേ, ഗുണവാന്മാർക്കും ഹൃദയപരമാർത്ഥികൾക്കും നന്മ ചെയ്യേണമെ./ എന്നാൽ വളഞ്ഞ വഴികളിലേയ്ക്ക് തിരിയുന്നവരെ; യഹോവ ദുഷ്പ്രവൃത്തിക്കാരോടുകൂടെ പോകുമാറാക്കട്ടെ./ യിസ്രായേലിന്മേൽ സമാധാനം വരുമാറാകട്ടെ./ ഈ ഭവനത്തിന്മേലും സമാധാനം വരുമാറാകട്ടെ. ബാവായ്ക്കും.....

സർവ്വജനമേ, നിങ്ങളുടെ ശബ്ദം ഉയർത്തി ജീവനുള്ള ദൈവത്തെ സ്തുതിപ്പിൻ.

പരിശുദ്ധനായ ദൈവമേ .........

*(നമ്മുടെ കർത്താവിന്റെ പ്രാർത്ഥന ചൊല്ലുന്നു)*

സ്ലോത്ത : കർത്താവേ അബ്രഹാമിന്റെ കൂടാരത്തെപോലെയും സക്കായിയുടെ ഭവനത്തെപോലെയും ശ്ലീഹന്മാരുടെ മാളികയെപോലെയും ഈ ഭവനത്തെ അനുഗ്രഹിക്കേണമെ. നിന്നെ നിരപ്പിച്ചവരായ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ കാണപ്പെടുന്നതോ കാണപ്പെടാത്തതോ ആയ എല്ലാ ഉപദ്രവങ്ങളിൽനിന്നും ഇതിലെ നിവാസികളെ കാത്തുകൊള്ളേണമെ. എന്നേക്കും സർവ്വനാഥനായ.....

മറ്റൊരു സ്ലോത്ത : കർത്താവേ നിന്റെ കരുണ, കൃപ, സഹായം, രക്ഷ എന്നിവയെ നിന്റെ ആരാധകരുടെ ഈ ഭവനത്തിൽ ആവസിപ്പിക്കേണമെ. കാണപ്പെടുന്നതോ കാണപ്പെടാത്തതോ ആയ എല്ലാ അപകടങ്ങളിൽനിന്നും നിന്നെ നിരപ്പിച്ചവരായ നീതിമാന്മാരുടെ പ്രാർത്ഥനയാൽ ഇതിൽ വസിക്കുന്നവരെ സംരക്ഷിക്കേണമെ എന്നന്നേക്കും സർവ്വനാഥനായ.......

(ഹൂത്താമ)

ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവെ, നിന്റെ ഇഷ്ടാനുസരണമുള്ള പരിപാലനത്താൽ നിന്റെ ആരാധകർ നിന്നാൽ സംരക്ഷിക്കപ്പെടട്ടെ. കർത്താവെ എന്നേക്കുമുള്ള നിന്റെ ദൈവത്വത്തിന്റെ ദിവ്യശാന്തിയും നിന്റെ കർത്തൃത്വത്തിന്റെ ദീർഘസമാധാനവും ഈ ഭവനത്തിലും ഇതിൽ വസിക്കുന്നവരിലും എന്നും വാഴുമാറാകട്ടെ. ഈ നിന്റെ ദാസരെ നിന്റെ അനുഗ്രഹത്താൽ ആശീർവ്വദിക്കയും ചെയ്യേണമെ. ഹാശാ വൌ ഹുൽസ്വൻ.........

*(വിശ്വാസപ്രമാണം ചൊല്ലുന്നു)*

സർവ്വശക്തിയുള്ള പിതാവും...........

*(വിശ്വാസപ്രമാണം കഴിഞ്ഞശേഷം എല്ലാവരും സ്ലീവായിൽ നിന്നുള്ള ആശീർവ്വാദം കൈക്കൊള്ളുന്നു)*